# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2638** — **17.10.2016-ൽ മറുപടിയ്ക്ക്**

## പഞ്ചവത്സര പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ഡോ.എൻ.ജയരാജ് | ശ്രീ.പിണറായി വിജയൻ<br>(ബഹു.മുഖ്യമന്ത്രി) |
| (എ) കേന്ദ്രസർക്കാർ പ്ലാനിംഗ് കമ്മീഷൻ നിർത്തലാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് പഞ്ചവത്സരപദ്ധതി എങ്ങനെ നടപ്പാക്കാനാണുദ്ദേശിക്കുന്നത്;<br><br>(ബി) ഈ സാഹചര്യം മറികടക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ? | (എ) & (ബി) കേരളത്തിൽ പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ട്. വ്യക്തമായ ആസൂത്രണത്തിലൂടെ മാത്രമേ സ്ഥായിയായ വികസനം നേടാനാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം. പതിമൂന്നാം പഞ്ചവത്സര പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന ആസൂത്രണ ബോർഡിൽ 43 കർമ്മ സമിതികൾക്ക് രൂപം നൽകുകയും ഈ സമിതികളുടെ യോഗം നടന്നു വരികയും ചെയ്യുന്നു ഇവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നത്. പദ്ധതിയുടെ സമീപന രേഖ (approach paper) പുറത്തിറക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. പദ്ധതിയുടെ ആദ്യ വർഷമായ 2017-18 വാർഷിക പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പ് മേധാവികൾ, ഗവൺമെന്റ് സെക്രട്ടറിമാർ, മന്ത്രിമാർ എന്നിവരുമായുള്ള ചർച്ചകൾ ഒക്ടോബർ, നവംബർ മാസങ്ങളിൽ നടക്കുന്നതാണ്. വാർഷിക പദ്ധതി 2017-18 ന്റെ പദ്ധതി രേഖ ഫെബ്രുവരി 2017 നും പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പദ്ധതി രേഖ, 2017-18 ന്റെ ആദ്യ പാദത്തിൽ തന്നെ പുറത്തിറക്കുന്നതിനും ലക്ഷ്യമിടുന്നു. |

Sd/-

സെക്ഷൻ ഓഫീസർ